ഭരണഭാഷ- മാതൃഭാഷ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എസ്.എസ്.എൽ.സി. പരീക്ഷ-ഐ റ്റി വിഷയത്തിന് ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം.5385/2018/പൊ.വി.വ** തീയതി,തിരുവനന്തപുരം, 21/12/2018

---

പരാമർശം:- പരീക്ഷാ കമ്മീഷണറുടെ 22.05.2017 ലെ ഇ.എക്സ്.സി.ജനറൽ 4/4082/2017/സി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

എസ്.എസ്.എൽ.സി. പരീക്ഷയിൽ നിലവിൽ എഴുത്ത് പരീക്ഷകൾക്ക് മാത്രമാണ് ഗ്രേസ് മാർക്ക് അനുവദിച്ചു വരുന്നത്. ഐ റ്റി വിഷയത്തിന് പ്രാക്ടിക്കൽ എന്ന നിലയിൽ ഗ്രേസ് മാർക്ക് അനുവദിക്കാറില്ല. അതിനാൽ ഐ റ്റി വിഷയത്തിന് കൂടി ഗ്രേസ് മാർക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. ഐ റ്റി വിഷയത്തിലെ തിയറി പേപ്പറിന് 10 മാർക്കു വരെ ലഭ്യമാകുന്നവിധം, മറ്റുള്ള വിഷയങ്ങൾക്ക് എ+ ഗ്രേഡ് ലഭിച്ചശേഷം ബാക്കിയുള്ള ഗ്രേസ് മാർക്കിൽ നിന്നും, ഐ റ്റി വിഷയത്തിനു ഗ്രേസ് മാർക്ക് നൽകുന്നത് ഉചിതമായിരിക്കും എന്ന് പരാമർശപ്രകാരം പരീക്ഷാ കമ്മീഷണർ ശിപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഐ റ്റി വിഷയത്തിലെ തിയറി പേപ്പറിന് 10 മാർക്കു വരെ ലഭ്യമാകുന്നവിധം, മറ്റുള്ള വിഷയങ്ങൾക്ക് എ+ ഗ്രേഡ് ലഭിച്ചശേഷം ബാക്കിയുള്ള ഗ്രേസ് മാർക്കിൽ നിന്നും, ഐ റ്റി വിഷയത്തിനു ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ